കെ. എസ്. എഫ്. ഇ. റാങ്ക് ലിസ്റ്റ്

52 [335] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ. എസ്. എഫ്. ഇ.-യിൽ എത്ര അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്;

(ബി) പി. എസ്. സി. റാങ്ക്‌ലിസ്റ്റ് നിലവിൽ വന്നശേഷം എത്ര ജൂനിയർ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്;

(സി) 26-11-2003-ലെ സർക്കുലർ നമ്പർ 11306/എ.വി.സി. 3/03 പി. ആന്റ് എ.ആർ.ഡി. പ്രകാരം നിയമന നിരോധനം പിൻവലിച്ച ശേഷം പി.എസ്.സി.ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(ഡി) നിയമന ഉത്തരവ് ലഭിച്ച എത്ര ഉദ്യോഗാർത്ഥികൾ കാലാവധിക്കു ശേഷം ജോലിയിൽ പ്രവേശിക്കാനുണ്ട്;

(ഇ) നോൺ ജോയിനിംഗ് ഒഴിവുകളെത്ര; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.എഫ്.ഇ-യിൽ 720 അസിസ്റ്റന്റുമാർക്ക് തുല്യമായ സേവനം അംഗീകൃത വിമുക്ത ഭട ഏജൻസികൾ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) 114 പേർ

(ഇ) 114. ഉടൻ റിപ്പോർട്ടു ചെയ്യുന്നതാണ്.

കെ. എസ്. എഫ്. ഇ.-യിലെ നിയമനം

53 [336] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-4-2003-ൽ നിലവിൽ വന്ന കെ.എസ്.എഫ്.ഇ-യുടെ ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly